# 20

# മൂന്നാമത്തെ സെറ്റ് അത്ഭുതങ്ങൾ

## (9:18- 38)

ഈ പരമ്പരയിലെ അവസാനത്തെ മുന്നു സെറ്റ് അത്ഭുതങ്ങളാണ് അടുത്തത് (9:18–34). കഴിഞ്ഞ രണ്ട് സെറ്റുകളിലെന്നപോലെ, ഈ സെറ്റിലും മൂന്ന് വ്യത്യസ്ത സംഭവങ്ങളാണുള്ളത്. ഡഗ്ലസ് ആർ. എ. ഹെയർ നിരീക്ഷിച്ചു,

> മൂന്നു സംഭവങ്ങളിലും "ഇരട്ട അത്ഭുതങ്ങളാണ്," ഉള്ളത്. രക്തസ്രവമുള്ള സ്ത്രീയെ സൗഖ്യമാക്കുന്നതോടൊപ്പം മരിച്ച പെൺകുട്ടിയെ ഉയർപ്പിക്കുന്നതുമാണ് ആദ്യത്തേത്. [9:18–26] രണ്ടാമത്തേതിൽ *രണ്ട്* കുരുടരെ സൗഖ്യമാക്കുന്നതും [9:27–31], മൂന്നാമത്തേത് ഇരട്ട ഭൂത-ബാധിതനായ രോഗിയെ സൗഖ്യമാക്കുന്നതുമാണ് [ഊമനായ മനുഷ്യൻ] [9:32–34].[1]

ആ സംഭവങ്ങളിൽ പൊതുവായ ഘടകമായിരുന്നു വിശ്വാസം: പള്ളിപ്രമാണിയുടെ വിശ്വാസവും രക്തസ്രവമുള്ള സ്ത്രീയെ സൗഖ്യമാക്കുന്നതും (9:18, 20–22), രണ്ട് കുരുടന്മാരുടെ വിശ്വാസവും (9:27–29). ഭൂത ബാധിതനെ സൗഖ്യമാക്കുന്നത് കണ്ട പുരുഷാരത്തിൻെറ വിശ്വാസവും (9:32, 33).[2]

### രക്തസ്രവമുള്ള സ്ത്രീയെ സൗഖ്യമാക്കുന്നതും യായിറോസിന്റെ മകളെ ഉയർപ്പിക്കുന്നതും (9:18-26)

**18അവൻ ഇങ്ങനെ അവരോടു സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു പ്ര**
**മാണി വന്നു അവനെ നമസ്കരിച്ചു: "എന്റെ മകൾ ഇപ്പോൾ തന്നെ കഴിഞ്ഞുപോ**
**യി; എങ്കിലും നീ വന്ന് അവളുടെ മേൽ കൈ വെച്ചാൽ അവൾ ജീവിക്കും"**
**എന്നു പറഞ്ഞു. 19യേശു എഴുന്നേറ്റു ശിഷ്യന്മാരുമായി അവന്റെ കൂടെ ചെന്നു.**
**20അന്നു പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രവമുള്ളോരു സ്ത്രീ:**
**21"അവന്റെ വസ്ത്രം ഒന്നു തൊട്ടാൽ എനിക്കു സുഖം വരും" എന്നു ഉള്ളം**
**കൊണ്ടു പറഞ്ഞു, പിറകിൽ വന്നു അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ**
**തൊട്ടു. 22യേശു തിരിഞ്ഞ് അവളെ കണ്ടപ്പോൾ: "മകളേ, ധൈര്യപ്പെടുക;**
**നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു" എന്നു പറഞ്ഞു; ആ നാഴികമുതൽ**
**സ്ത്രീക്കു സൗഖ്യം വന്നു.**
**23പിന്നെ യേശു പ്രമാണിയുടെ വീട്ടിൽ കടന്നു, കുഴലൂ-തുന്നവരെയും**
**ആരവാരക്കൂട്ടത്തെയും കണ്ടിട്ടു: "മാറിപ്പോകുവിൻ; 24ബാല മരിച്ചില്ലല്ലോ ഉറ**
**ങ്ങുന്നത്രേ" എന്നു പറഞ്ഞു; അവരോ അവനെ പരിഹസിച്ചു. 25അവൻ പു**
**രുഷാരത്തെ പുറത്താക്കി അകത്തു കടന്നു ബാലയുടെ കൈ പിടിച്ചു, ബാല**
**എഴുന്നേറ്റു 26ഈ വർത്തമാനം ആ ദേശത്തു ഒക്കെയും പരന്നു.**

ഒന്നാം നൂറ്റാണ്ടിലെ യഹൂദ സമൂഹം തരം താഴ്ത്തിയിട്ടിരുന്ന സ്ത്രീകളോടും കുട്ടികളോടും യേശു മനസ്സലിവു കാണിച്ചതാണ് ആ സങ്കീർണ

സംഭവം. മറ്റ് സംക്ഷിപ്ത സുവിശേഷ വിവരണങ്ങളെ അപേക്ഷിച്ച് മത്തായിയുടെ സുവിശേഷത്തിലെ ഈ സംഭവം ചുരുങ്ങിയതാണ്. ഈ സംഭവത്തെ മർക്കൊസ് വിവരിക്കുന്നത് ഇരുപത്തി-രണ്ട് വാക്യങ്ങളിലായിട്ടാണ് (മർക്കൊ 5:21–43); എന്നാൽ ലൂക്കോസിന്റെ വിവരണത്തിൽ പതിനേഴ് വാക്യങ്ങളിലാണുള്ളത് (ലൂക്കൊ 8:40–56), അതേസമയം മത്തായിയുടെ വിവരണത്തിൽ 9 വാക്യങ്ങൾ മാത്രമാണ് ഉള്ളത്.

**വാക്യം 18.** ഉപവാസത്തെകുറിച്ച് യേശു യോഹന്നാന്റെ ശിഷ്യന്മാരോട് പറഞ്ഞുകൊണ്ടിരുന്നപ്പോൾ, **പള്ളിപ്രമാണിമാരിൽ ഒരാൾ വന്നു അവനെ നമസ്കരിച്ചു.** "പള്ളി" എന്നത് എൻഎഎസ്സ്ബിയിൽ കൂട്ടിചേർത്തതാണ്. ഒരു പക്ഷെ മർക്കൊസിന്റേയും ലൂക്കൊസിന്റേയും സമാന വിവരണങ്ങളെ ആസ്പദമാക്കിയായിരിക്കാം. മത്തായി "പ്രമാണിയുടെ" (*ആർക്കോൺ*), എന്നും ലൂക്കൊസ് തന്റെ വായനക്കാർക്ക് "പള്ളിപ്രമാണിയായ" യായിറോസ് എന്നുമാണ് പറഞ്ഞിരിക്കുന്നത് (ലൂക്കൊ 8:41; എൻഐവി). "പള്ളിപ്രമാണിമാരിൽ ഒരാൾ" എന്നാണ് മർക്കൊസ് യായിറോസിനെ പറഞ്ഞത്. (മർക്കൊ 5:22; എൻഐവി). ചില പള്ളികളിൽ ഒന്നിലധികം പ്രമാണിമാരെ മൂപ്പന്മാരുടെ സംഘത്തിൽ നിന്നും തിരഞ്ഞെടുത്തിരുന്നു.

കഫർന്നഹൂമിലെ, പള്ളിയിലുണ്ടായിരുന്ന ഉയർന്ന ഉദ്യോഗസ്ഥരിൽ ഒരാളായിരുന്നു യായിറോസ്. പള്ളിയിലെ എല്ലാ പ്രവർത്തനങ്ങളുടേയും ഉത്തരവാദിത്വം അവർക്കായിരുന്നു (4:23; 8:5 ന്റെ പരാമർശം നോക്കുക). ആ മനുഷ്യൻ, കഫർന്നഹൂമിൽ അറിയപ്പെട്ട ബഹുമാന്യനായ ആളായിരുന്നു, അവൻ താഴ്മയോടെ യേശുവിനെ "നമസ്കരിച്ചു." "നമസ്കരിച്ചു" (*പ്രോസ്ക്യുനേയോ*), അർത്ഥം "ആരാധിക്കുക" അല്ലെങ്കിൽ "ആദരിക്കുക" (2:2 ന്റെ പരാമർശം നോക്കുക). ഈ സന്ദർഭത്തിൽ രണ്ടാമത്തെ അർത്ഥമായിരിക്കും കൂടുതൽ ശരിയായിട്ടുള്ളത്.

നിരാശയോടെ, യായിറോസ് യേശുവിനോടു പറഞ്ഞു, **"എന്റെ മകൾ മരിച്ചുപോയി; എന്നാൽ നീ വന്ന് അവളുടെമേൽ കൈവെച്ചാൽ, അവൾ ജീവിക്കും."** യേശു കഫർന്നഹൂമിൽ വെച്ച് അത്ഭുതങ്ങൾ ചെയ്ത്, രോഗശാന്തി വരുത്തുന്നതിൽ ശ്രുതിപ്പെട്ടു. മുമ്പ്, കഫർന്ന ഹൂമിലെ മൂപ്പന്മാർ വന്ന് റോമൻ ശതാധിപന്റെ പക്ഷവാത രോഗത്തെ സൗഖ്യമാക്കുവാൻ ആവശ്യപ്പെട്ടു (8:5 ന്റെ പരാമർശം നോക്കുക). എങ്ങനെയായാലും, ആ സമയം മുതൽ ശാസ്ത്രിമാരും പരീശന്മാരും യേശുവിന്റെ ശുശ്രൂഷയെ എതിർക്കുവാൻ തുടങ്ങി (9:3, 11). പ്രമാണിമാരുടെ വിരോധവും മറ്റും മനസിലാക്കിക്കൊണ്ടാണ് യായിറോസ് നിരാശയോടെ യേശുവിന്റെ അടുക്കൽ സഹായത്തിനു വന്നത്.[3]

പ്രമാണി യേശുവിനോട് വന്ന് തന്റെ മകളുടെ ആരോഗ്യം പുനസ്ഥാപിക്കുവാനാണ് ആവശ്യപ്പെട്ടത്. അവൻ യേശുവിനോട് തന്റെ വീട്ടിലേക്ക് വരുവാൻ യാചിക്കയാണ് ചെയ്തത് (ലൂക്കൊ 8:41). "എന്റെ കുഞ്ഞുമകൾ" എന്ന് വളരെ മൃദുവായിട്ടാണ് പ്രമാണി പറഞ്ഞത് (മർക്കൊ 5:23). ലൂക്കൊസ് 8:42 അനുസരിച്ച്, യായിറോസിന്റെ മകൾക്ക് "പന്ത്രണ്ട് വയസ് പ്രായമായിരുന്നു," "അവൾ മരിച്ചുകൊണ്ടിരിക്കയായിരുന്നു." എങ്ങനെയായാലും, മത്തായി പറയുന്നത് അവൾ മരിച്ചുപോയി എന്നാണ്. ആ വ്യത്യാസം നാം എങ്ങനെ മനസിലാക്കും? (1) "മത്തായിയുടെ വിവരണത്തിന്റെ ചുരുങ്ങിയ [ഭാഗം] ആയിരുന്നു."[4] (2) എച്ച്. ലിയോ ബോൾസ് പറഞ്ഞു, "അവളെ മരിക്കുവാൻ അനുവദിച്ചുകൊണ്ട്, ഒരു പക്ഷെ അപ്പൻ യേശുവിന്റെ അടുക്കലേക്ക് പോയ

താകാം."[5] (3) മൂന്നാമത്തെ സാദ്ധ്യത വില്യം ഹെൻറിക്സൻ പറഞ്ഞിരിക്കുന്നു;

> മർക്കൊസും ലൂക്കൊസും പറഞ്ഞതനുസരിച്ച്, യായിറോസ് കുട്ടിയെ സൗഖ്യമാക്കുവാൻ ആദ്യം യേശുവിനോടു അപേക്ഷിച്ചു; പിന്നെ അവൾ മരിച്ച വിവരം അറിഞ്ഞശേഷം, നിരാശ കൂടാതെ കർത്താവിലുള്ള വിശ്വാസം നിമിത്തം അവൻ യാചിച്ചിരിക്കാം. അതുകൊണ്ട് ഇപ്പോൾ അവൻ തന്റെ ആവശ്യത്തെ പരിഷ്കരിച്ച രൂപത്തിൽ, കുട്ടിയുടെ മേൽ യേശു വന്ന് കൈവെച്ചാൽ, "അവൾ ജീവിക്കും," എന്നു പറഞ്ഞു.[6]

രോഗ സൗഖ്യം വരുത്തുവാനും മരിച്ചവരെ ഉയിർപ്പിക്കുന്നതിനു പോലും കർത്താവിന് കഴിയുമെന്ന വലിയ വിശ്വാസം യായിറോസിനു ണ്ടായിരുന്നു. അത് ശ്രദ്ധേയമാണ് കാരണം, നമുക്ക് അറിയാവുന്നേടത്തോളം യേശു അങ്ങനെ ചെയ്തിട്ടില്ല - ഈ സമയം വരേയും അവന്റെ ശുശ്രൂഷയിൽ - ആരേയും ഉയർപ്പിച്ചിട്ടില്ല.

**വാക്യം 19. യേശു** പെട്ടെന്ന് എഴുന്നേറ്റ് ആ മനുഷ്യന്റെ ആവശ്യപ്രകാരം അവന്റെ വീട്ടിലേക്ക് പോയി. **അവന്റെ ശിഷ്യന്മാരും** അവനെ അനുഗമിച്ചു.

**വാക്യങ്ങൾ 20, 21.** അവർ യായിറോസിന്റെ വീട്ടിലേക്ക് പോകുമ്പോൾ, പുരുഷാരം യേശുവിനെ പിൻപറ്റി "തിക്കിക്കൊണ്ടിരുന്നു" (മർക്കൊ 5:24). ഈ പുരുഷാരത്തിൽ **ഒരു സ്ത്രീക്ക്** യായിറോസിൻെറ അതേ ആവശ്യമുണ്ടായിരുന്നു. **അവൾ പന്ത്രണ്ടു വർഷമായി രക്തസ്രവത്താൽ കഷ്ടപ്പെടുകയായിരുന്നു.** "രക്തസ്രവത്താൽ കഷ്ടപ്പെടുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഹായിമോറോ*), ആ വാക്ക് ലേവ്യാപുസ്തകം 15:33 ലും കാണാം (എൽഎക്സ്എക്സ്), ഒരു പക്ഷെ സൂചിപ്പിക്കുന്നത് ആർത്തവ പ്രശ്നങ്ങൾ ആയിരിക്കാം. മൈക്കിൾ ജെ. വിൽകിൻസ് എഴുതി, "അത് മിക്കവാറും ആ സ്തീയുടെ ആർത്തവ ക്രമം അസാധാരണമായി നീണ്ടുപോയതാകാം, സാധാരണ അതോടൊപ്പം വെള്ളപോക്കും ഉണ്ടായേക്കാം."[7]

സ്ത്രീയുടെ ആ ദുഃഖാവസ്ഥ ശാരീരികവും, സാമ്പത്തികവും, സാമൂഹകവും, മതപരവുമായി അവളെ തളർത്തിയിരിക്കാം. അവൾ "അനേകം വൈദ്യന്മാരുടെ ചികിത്സക്കും വിധേയമായിരിക്കാം" (മർക്കൊ 5:26), "എന്നാൽ സുഖം പ്രാപിച്ചിരുന്നില്ല" (ലൂക്കൊ. 8:43). ഈ രോഗത്തിന് ഇരയായവരെ മുറിവൈദ്യന്മാർ ചൂഷണം ചെയ്തിരുന്നു. ആ രോഗം ഭേദമാക്കുവാൻ, അവൾ തന്റെ സാമ്പത്തീക ശ്രോതസെല്ലാം ഉപയോഗിച്ചു ക്ഷീണിച്ചിരിക്കും (മർക്കൊ 5:26).

അവളുടെ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ കഴിയാതിരുന്നതിനാൽ, അവൾ തുടർച്ചയായി അശുദ്ധ എന്ന് വിളിക്കപ്പെട്ടിരുന്നു - അത് അവൾക്ക് ലജ്ജയും വേദനയും വരുത്തി. അവളെ തൊടുന്ന ഏതൊരാളും, ഏതൊരു വസ്തുവും അശുദ്ധമായി എണ്ണിയിരുന്നു (ലേവ്യ. 15:19–27). അവളുടെ ഈ അവസ്ഥ കൗമാര പ്രായത്തിൽ ആരംഭിച്ചതാണെങ്കിൽ അവൾക്ക് വിവാഹം പോലും ആഗ്രഹിക്കാവുന്നതായിരുന്നില്ല. ഈ രോഗം വിവാഹ ശേഷമാണ് വന്നതെങ്കിൽ പിന്നെ അവൾക്കും അവളുടെ ഭർത്താവിനും ലൈംഗീകബന്ധം പുലർത്തുന്നത് നിഷിപ്ദ്ധമായിരുന്നു (ലേവ്യ. 18:19). തൽഫലമായി, അവൾക്ക് ശിശുക്കൾ ജനിക്കപോലുമില്ല, ആ അവസ്ഥയിൽ പലപ്പോഴും വിവാഹ മോചനം പോലും നടന്നിരിക്കാം. അവളുടെ അശുദ്ധാവസ്ഥയിൽ, ദൈവാ

ലയത്തിൽ പോയി ആരാധിക്കുവാനോ, പരസ്യമായി ചന്തസ്ഥലത്തു പോകുവാനോ കഴിഞ്ഞിരുന്നില്ല. എല്ലാ നിലയിലും ബാധിക്കപ്പെട്ട ഒരു സാധു സ്ത്രീയായിരുന്നു അവൾ.

അവൾ മറ്റുള്ളവരുടെ ദൃഷ്ടിയിൽ പെടാതിരിക്കാൻ ആഗ്രഹിച്ചുകാണും, അതുകൊണ്ടു **അവൾ യേശുവിന്റെ പുറകിൽ വന്നു**. ധൈര്യത്തോടെ യേശുവിന്റെ മുമ്പിൽ വന്നു നമസ്കരിച്ച പള്ളിപ്രമാണിക്ക് എതിരായിരുന്നു പുറകിൽ ഭീരുവായി നിന്ന സ്ത്രീ (9:18). അവളെ സൗഖ്യമാക്കുവാനുള്ള ശക്തി യേശു ക്രിസ്തുവിനുണ്ട് എന്ന് വിശ്വാസത്താൽ, **അവന്റെ വസ്ത്രത്തിൽ തൊടുവാൻ** കഴിഞ്ഞാൽ, അവൾക്ക് **സൗഖ്യമാകും എന്നു കരുതി** (14:36; പ്രവൃ. 5:15; 19:11, 12).

വസ്ത്രത്തിന്റെ തൊങ്ങൽ സൂചിപ്പിക്കുന്നത് യെഹൂദ പുരുഷന്മാർ തങ്ങളുടെ **ബാഹ്യ വസ്ത്രത്തോട് ചേർത്ത്** തങ്ങൾ ദൈവ ജനമാണെന്ന് ഓർപ്പിക്കുന്നതിന് ധരിച്ചിരുന്നതായിരുന്നു (സംഖ്യ 15:37–41; ആവർ 22:12; മത്താ. 14:36; 23:5). ആ സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടപ്പോൾ, "ക്ഷണത്തിൽ അവളുടെ രക്തസ്രവം നിന്നു; ബാധ മാറി താൻ സ്വസ്ഥയായി എന്നു അവൾ ശരീരത്തിൽ അറിഞ്ഞു" (മർക്കൊ 5:29). തനിക്കു സൗഖ്യമായതായി അവൾക്കു തോന്നി, യേശുവിനും അത് അനുഭവപ്പെട്ടു. "തന്നിൽ നിന്ന് ശക്തി പുറപ്പെട്ടു പോയതായി" അവനു അനുഭവപ്പെട്ടു (മർക്കൊ 5:30).

**വാക്യം 22**. യേശു പിന്നെ പുരുഷാരത്തിലേക്ക് തിരിഞ്ഞ്, ഒരുപക്ഷെ ഉറപ്പിച്ചായിരിക്കാം പറഞ്ഞു "എന്റെ വസ്ത്രം തൊട്ടത് ആർ?" (മർക്കൊ 5:30). പുരുഷാരം തിക്കിക്കൊണ്ടിരുന്നതിനിടയിൽ, യേശുവിന്റെ ചോദ്യം ശിഷ്യന്മാരെ അതിശയിപ്പിച്ചു (മർക്കൊ 5:31). "സ്ത്രീ തനിക്കു സംഭവിച്ചതു ... അറിഞ്ഞിട്ട് ഭയപ്പെട്ടും വിറച്ചും കൊണ്ടു വന്നു അവന്റെ മുമ്പിൽ വീണു വസ്തുത ഒക്കെയും അവനോടു പറഞ്ഞു" (മർക്കൊ. 5:33). അശുദ്ധയായ ഒരു സ്ത്രീ ആയിരുന്നതിനാൽ ആകാം അവൾ ഭയപ്പെട്ടത്, കൂടാതെ പരിശുദ്ധനായ ദൈവ പുരുഷനെയാണ് അവൾ മനപൂർവമായി സ്പർശിച്ചത് എന്നതു കൊണ്ടുമാകാം.

യേശു അവളോടു വീണ്ടും ഉറപ്പിച്ചു പറയുന്നു, **"മകളേ, ധൈര്യമായിരിക്ക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു."** "ധൈര്യമായിരിക്ക" എന്ന വാക്കുകൾ മുമ്പ് യേശു പക്ഷവാത രോഗിയോടും പറഞ്ഞിരുന്നു; "ധൈര്യമായിരിക്ക" (9:2). ആ ഭയപ്പെട്ട സ്ത്രീക്ക് യേശു സമാധാനവും ആശ്വാസവും നൽകി. അവൾക്ക് രോഗമുണ്ടായിരുന്നു എങ്കിലും, അവൾ വിലപ്പെട്ടവൾ ആയിരുന്നു എന്ന് അവന്റെ വാക്കുകൾ ഉറപ്പിക്കുന്നു. അവൻ അവളുടെ "വിശ്വാസത്തെ" അഭിനന്ദിച്ചു. തന്റെ ന്യൂനത പരിഹരിക്കുവാൻ യേശുവിനു കഴിയുമെന്ന അവളുടെ വിശ്വാസം അവന്റെ വസ്ത്രം തൊടുവാൻ അവളെ പ്രേരിപ്പിച്ചു. തൽഫലമായി, അവൾക്ക് ദൈവത്താൽ "സൗഖ്യം വന്നു." അവൾ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട നിമിഷംതന്നെ അവൾക്ക് സൗഖ്യമായി എന്നാണ് മർക്കൊസ് 5:29 ഉം ലൂക്കൊസ് 8:44 ഉം സൂചിപ്പിക്കുന്നത്. "സൗഖ്യം വന്നു" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സോയിസോ*) പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് ആത്മിയ സൗഖ്യമായ "രക്ഷ" എന്ന അർത്ഥത്തിലാണ്. ഇവിടെ അത് രക്ഷയും വിശ്വാസവും തമ്മിൽ ഉള്ള ബന്ധത്തെയാണ് വ്യക്തമാക്കുന്നത്.

യേശു ആ സ്ത്രീയെ സൗഖ്യമാക്കിയ ശേഷം, കൂടുതൽ ആളുകൾ അവരെ കാണുവാനായി വന്നു. ഒരുപക്ഷെ കുട്ടി മരിച്ച വിവരം അറിയിക്കു

വാൻ യായിറോസിന്റെ വീട്ടിൽനിന്നു വന്ന ദാസന്മാരും അവരിൽ ഉൾപ്പെട്ടിരിക്കാം (മർക്കൊ. 5:35). അവരുടെ സംസാരമൊന്നും കാര്യമാക്കാതെ യേശു കേട്ടിട്ടു, യായിറോസിനോട് പറഞ്ഞു, "ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക" (മർക്കൊ. 5:36). പുരുഷാരം അപ്പോഴും യേശുവിനെ അനുഗമിച്ചു; എന്നാൽ ഇപ്പോൾ, യേശു തന്റെ ഉൾവലയത്തിലുള്ള - പത്രൊസിനേയും, യാക്കൊബിനേയും, യോഹന്നാനേയും - തന്നോടുകൂടെ പോരുവാൻ ആവശ്യപ്പെട്ടു (മർക്കൊ. 5:37)

**വാക്യം 23.** അവർ **പള്ളിപ്രമാണിയുടെ വീട്ടിൽ** എത്തിയപ്പോൾ, യേശു വലിയ **പുരുഷാരത്തെയും**, പെൺകുട്ടി മരിച്ചതിനാൽ കുഴലൂതുന്നവരുടെ ശബ്ദവും അവൻ അഭിമുഖീകരിച്ചു. ശവസംസ്ക്കാരത്തിന് വാടകക്ക് കരയുവാൻ വരുന്നവരും **കൂഴലൂ-ത്തുകാരും** അവരിൽ പെട്ടിരുന്നു (യിരെ. 9:17, 18; 48:36; ആമോ. 5:16).[8] യിസ്രായേലിലെ ഒരു സാധുവായ മനുഷ്യന്റെ ഭാര്യ മരിച്ചാൽ പോലും, ചുരുങ്ങിയത് രണ്ടു കുഴലൂ-ത്തുകാരും കരയുന്നതിന് ഒരു സ്ത്രീയേയും വാടകക്ക് എടുക്കും എന്നാണ് റബ്ബിമാരുടെ ഒരു പാരമ്പര്യം പറയുന്നത്.[9] യായിറോസ് സ്വാധീനശക്തിയുള്ള പ്രമാണിയായിരുന്നതിനാലാണ്, അത്രയും വിലാപക്കാരും **അപശബ്ദങ്ങളും** അവന്റെ വീട്ടിൽ ഉണ്ടായിരുന്നത്. കുഴലുകൾ ഉണ്ടാക്കിയിരുന്നത്, ഈറ്റ, ചൂരൽ, എല്ല് എന്നിവ കൊണ്ടാണ്. അത് സാധാരണ ഉപയോഗിക്കുന്നതിന് ലഭ്യവുമാണ്. പലപ്പോഴും "കയ്യടിയോടുകൂടി" ആയിരുന്നു കുഴലുത്ത്.[10]

**വാക്യം 24.** ഒരാൾ മരിച്ചുകഴിഞ്ഞാൽ അന്നു തന്നെ ശവസംസ്ക്കാരം നടത്തുന്ന സമ്പ്രദായമാണ് അന്ന് നിലവിലുണ്ടായിരുന്നത് എന്നതിനാൽ, വിലാപക്കാരും കുഴലൂത്തുകാരും നേരത്തെ തന്നെ യായിറോസിന്റെ വീട്ടിൽ വന്നു കഴിഞ്ഞിരുന്നു (പ്രവൃ. 5:5, 6, 10). എങ്ങനെയായാലും, എല്ലാവരേയും വീട്ടിൽനിന്നു പുറത്താക്കുവാൻ കൽപിച്ചു പറഞ്ഞു, "**മാറിപ്പോകുവിൻ, ബാല മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ.**" അതു കേട്ട് ആളുകൾ **ചിരിക്കുവാൻ** തുടങ്ങി കാരണം പെൺകുട്ടി മരിച്ചുകഴിഞ്ഞതായി അവർ അറിഞ്ഞിരുന്നു (9:18; മർക്കൊ. 5:35; ലൂക്കൊ. 8:49, 53). മരണം എന്ന ഉറക്കത്തെയായിരിക്കാം യേശു സൂചിപ്പിച്ചത്, അവളെ എഴുന്നേൽപിക്കുവാൻ അവനു ശക്തിയുമുണ്ട്. വില്യം ബാർക്ലേ വിവരിച്ചു,

> ഒരുപക്ഷെ യേശു പറഞ്ഞതുപോലെ, പെൺകുട്ടി ഉറങ്ങിയിരുന്നതാകാം, അവൻ പറഞ്ഞതു തന്നെയായിരുന്നു അർത്ഥം. ഇംഗ്ലീഷിലേതുപോലെ, ഗ്രീക്കിലും മരിച്ച ആളെ ഉറങ്ങുന്നു എന്നാണ് പറയുന്നത്. വാസ്തവത്തിൽ സെമിത്തേരി എന്ന വാക്ക് വരുന്നത് ഗ്രീക്ക് വാക്ക് *കൊയ്മെറ്ററിയോണിൽ* നിന്നാണ്, അർത്ഥം ആളുകൾ ഉറങ്ങുന്ന സ്ഥലം എന്നാണ്. ഉറങ്ങുക എന്നതിന് ഗ്രീക്കിൽ, രണ്ടു വാക്കുകളാണുള്ളത്: ഒന്ന്, *കോയിമാസ്ത്തായി*, അത് സാധാരണ ഉറക്കത്തിനും, മരണമെന്ന നിദ്രക്കും ഉപയോഗിക്കും; മറ്റൊന്ന്, *കാത്തെയുഡെയിൻ* എന്നാണ്, അത് അടിക്കടിയുണ്ടാകുന്ന ഉറക്കത്തെ സൂചിപ്പിക്കുന്നതാണ്, മിക്കവാറും സാധാരണ ഉറക്കത്തെയാണ് അർത്ഥമാക്കുന്നത്. ഈ വേദഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത്, *കാത്തേഡെയിൻ* ആണ്.[11]

ജാക് പി. ലേവിസ് എഴുതി,

മരണത്തെ വിവരിക്കുവാൻ അടിക്കടി ഉപയോഗിച്ചിരിക്കുന്ന നിദ്ര എന്ന വാക്ക് പഴയനിയമത്തിൽനിന്നും എടുത്തിട്ടുള്ളതാകുന്നു (*കാത്തേ ഡെയിൻ* എന്നതിന്; ദാനി. 12:2; 1 തെസ്സ. 5:10; എന്നാൽ *കോയിമാവോ മായി* എന്നതിനും ഉപയോഗിച്ചിരിക്കുന്നു; യോഹ. 11:11; മത്താ. 27:52; പ്രവൃ. 7:60; 1 കൊരി. 15:6; 1 തെസ്സ. 4:13–15). പുനരുത്ഥാനം തീർച്ചപ്പെടുത്തുന്നതാണ് ആ രൂപകാലങ്കാരം. മരണം താൽക്കാലികം മാത്രമാണ്; ആ നിദ്രയിൽനിന്നുണർത്തുവാൻ യേശുവിനു മാത്രമെ ശക്തിയുള്ളു.[12]

**വാക്യം 25.** വിലപിക്കുന്നവരെല്ലാം മുറി വിട്ടുപോയപ്പോൾ, ബാലയുടെ രക്ഷകർത്താക്കളും - യേശുവിനോടുകൂടെയുണ്ടായിരുന്ന, പത്രൊസും, യാക്കൊബും, യോഹന്നാനും - ആ അത്ഭുതത്തിനു സാക്ഷ്യം വഹിക്കുവാനുണ്ടായിരുന്നു (മർക്കൊ. 5:37, 40). "നീ അവളുടെ മേൽ [കൈ] വെച്ചാൽ" (9:18) എന്ന ബാലയുടെ പിതാവിന്റെ ആദ്യ ആവശ്യമനുസരിച്ച്, **യേശു** അവളെ **തൊട്ടു**. അവന്റെ വാക്കുകളെ മത്തായി **പറയുന്നില്ല**, എന്നാൽ മർക്കൊസ് 5:41 പറയുന്നത്, ("ബാലേ എഴുന്നേൽക്ക എന്നർത്ഥത്തിലുള്ള 'തലീഥാ കൂമി'! എന്നു അവളോട് പറഞ്ഞു)." അത് അരാമ്യ പ്രയോഗമാണ്, അക്ഷരികമായ അർത്ഥം "കുഞ്ഞാടേ, ഞാൻ നിന്നോട് പറയുന്നു, എഴുന്നേൽക്ക."

യേശു അവളെ തൊട്ട് ഈ വാക്കുകൾ പറഞ്ഞപ്പോൾ, **ബാല എഴുന്നേറ്റു** (മർക്കൊ. 5:42 നോക്കുക). ലൂക്കൊസ് 8:55 പറയുന്നു "*അവളുടെ ആത്മാവ് അവളിലേക്ക് മടങ്ങി വരികയും*, അവൾ ഉടനെ എഴുന്നേറ്റിരിക്കുകയും അവൾക്ക് എന്തെങ്കിലും ഭക്ഷിപ്പാൻ കൊടുപ്പാനായി അവൻ കൽപിക്കയും ചെയ്തു" (എംഫസിസ് ആഡഡ്).

രക്തസ്രവമുള്ള സ്ത്രീയുടേതുപോലെ, യേശു ഒരിക്കൽകൂടെ അശുദ്ധിയുമായി ബന്ധപ്പെടുന്നു; മരിച്ച ബാലയുടെ ശവത്തിൽ അവൻ സ്പർശിച്ചു (സംഖ്യ. 19:11–21). രണ്ടു സംഭവത്തിലും അവൻ അശുദ്ധനാകുന്നതിനു പകരം, തന്റെ അത്ഭുത ശക്തിയാൽ അവരെ ശുദ്ധരാക്കുകയാണ് ചെയ്തത്. തനിക്ക് മുൻപുണ്ടായിരുന്ന പ്രവാചകന്മാരായ ഏലിയാവും ഏലീശായും അതുപോലെ ചെയ്തിരുന്നു (1 രാജാ. 17:17–24; 2 രാജാ. 4:17–37), അവനു ശേഷം, അപ്പൊസ്തലന്മാരായ പത്രൊസും, പൗലൊസും അങ്ങനെ ചെയ്തു (പ്രവൃ. 9:36–42; 20:9–12), യേശു മരിച്ച പെൺകുട്ടിയെ ജീവിതത്തിലേക്ക് കൊണ്ടുവന്നു (9:25; ലൂക്കൊ. 7:11–17; യോഹ. 11:38–46). ആളുകൾക്ക് മശിഹയുടെ അടയാളമായിട്ടായിരുന്നു യേശു മരിച്ച പെൺകുട്ടിയെ ഉയർപ്പിച്ചത് (11:4, 5). എങ്ങനെയായാലും, താൻ തന്നെ കല്ലറയിൽനിന്നു ഉയർത്തെഴുന്നേറ്റു വന്നതായിരുന്നു ഏറ്റവും വലിയ അടയാളം. ആദ്യ വായനക്കാർക്ക് വരുവാനുള്ള "പുനരുത്ഥാനത്തിന്റെ ഒരു മുൻ നിഴലായിരുന്നു"[13] യായിറോസിന്റെ മകളെ അവൻ ഉയർപ്പിച്ചത്. കർത്താവിൽ മരിച്ചവർ "നിദ്രകൊള്ളുകയാണ്"; അവൻ മടങ്ങി വരുമ്പോൾ, അവർ ഉയിർക്കപ്പെടും (1 തെസ്സ. 4:14, 15).

**വാക്യം 26.** ഈ അത്ഭുതത്തെ കുറിച്ച് ആരും അറിയരുതെന്ന് യേശു അവിടെ കൂടിയിരുന്നവരോട് "കർശനമായി പറഞ്ഞിരുന്നു" (മർക്കൊ. 5:43; ലൂക്കൊ. 8:56 നോക്കുക). എങ്കിലും, **ആ വാർത്ത ദേശമെങ്ങും വ്യാപിച്ചു**. വിലപിക്കുവാൻ വന്നവരെല്ലാം ബാല മരിച്ചുപോയ വിവരം അറിഞ്ഞിരുന്നതിനാൽ, ആ വാർത്ത രഹസ്യമായി വെക്കുക പ്രയാസമായിരുന്നു. അവൾ വീണ്ടും ജീവിച്ചിരിക്കുന്നതായി അവർ അറിഞ്ഞപ്പോൾ, യേശുവിന് മരണ

ത്തിന്മേൽ ശക്തിയുണ്ടെന്ന വിവരം പെട്ടെന്ന് വ്യാപിച്ചു!

## രണ്ട് കുരുടന്മാരെ സൗഖ്യമാക്കുന്നു (9:27-31)

**27യേശു അവിടെനിന്നു പോകുമ്പോൾ, "ദാവീദ് പുത്രാ, ഞങ്ങളോട് കരുണ തോന്നേണമേ" എന്നു നിലവിളിച്ചുകൊണ്ട്, പിന്തുടർന്നു. 28അവൻ വീട്ടിൽ എത്തിയപ്പോൾ, കുരുടന്മാർ അവന്റെ അടുക്കൽ വന്നു. "ഇതു ചെയ്യുവാൻ എനിക്കു കഴിയുമെന്ന് വിശ്വസിക്കുന്നുവോ" എന്നു യേശു ചോദിച്ചതിന്നു, "ഉവ്വ്, കർത്താവേ" എന്നു ഉത്തരം പറഞ്ഞു. 29അവൻ അവരുടെ കണ്ണ് തൊട്ടു; "നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ" എന്നു പറഞ്ഞു. ഉടനെ അവരുടെ കണ്ണ് തുറന്നു. 30പിന്നെ യേശു, "നോക്കുവിൻ, അരും അറിയരുത്" എന്ന് അമർച്ചയായി കൽപിച്ചു. 31അവരോ, പുറപ്പെട്ട്, ആ ദേശത്തിലൊക്കെയും അവന്റെ ശ്രുതിയെ പരത്തി.**

**വാക്യം 27.** യേശു അധിക ദൂരം പോകുന്നതിന് മുൻപ് അവനെ തടുത്തുകൊണ്ട് പലരും സൗഖ്യത്തിനും കരുണക്കുമായി വന്നു: **രണ്ട് കുരുടന്മാർ അവനെ അനുഗമിച്ചു, നിലവിളിച്ചു പറഞ്ഞു, "ദാവീദ് പുത്രാ ഞങ്ങളോട് കരുണ തോന്നേണമേ!"**[14] ശുചീകരണമില്ലായ്മയാലോ, പകർച്ചവ്യാധിയാലോ, അവയവഘടനയിലെ കുഴപ്പം നിമിത്തമോ, മണൽ അടിച്ചതിനാലോ, അപകടം നിമിത്തമോ, യുദ്ധമുറിവുകളാലോ, പോഷകാഹാരക്കുറവു നിമിത്തമോ, ജന്മനാലോ, അത്യുഷ്ണം നിമിത്തമോ ഒക്കെ കാഴ്ച്ച നഷ്ടപ്പെടാവുന്നതാണ്.

"നിലവിളിക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ക്രാസോ*) അത്യുച്ചത്തിൽ നിലവിളിക്കുന്നതിനെ ആണ് പറയുന്നത്. രണ്ട് കാരണങ്ങൾ കൊണ്ടാകാം അവർ അങ്ങനെ ചെയ്തത്. തീർച്ചയായും അവർ അവന്റെ ശ്രദ്ധ ആകർഷിക്കുവാൻ ആഗ്രഹിച്ചു. അതിനുപുറമെ, അവരുടെ ശബ്ദം പുരുഷാരത്തിന്റെ ആരവത്തിന് മുകളിലെത്തുവാൻ ആഗ്രഹിച്ചിരിക്കും. അവർ യേശുവിന്റെ "കരുണക്കായിട്ടായിരുന്നു" നിലവിളിച്ചത്, മത്തായിയുടെ വിവരണത്തിൽ അതു ഇടക്കിടക്ക് കാണാം (15:22; 17:15; 20:30, 31). "ദാവീദ് പുത്രാ" എന്ന പ്രയോഗം ഉപയോഗിച്ചതിനാൽ, അവർ യേശുവിന്റെ മശിഹാത്വത്തെ സ്പഷ്ടമായും തിരിച്ചറിഞ്ഞിരുന്നു. അതു വരുവാനുള്ള മശിഹയെ ഏറ്റവുമധികം വിളിച്ചിരുന്ന വിശേഷണമായിരുന്നു (1:1; 12:23; 15:22; 20:30, 31; 21:9, 15; 22:42; മർക്കൊ. 10:47, 48; 12:35; ലൂക്കൊ. 18:38, 39; 20:41; 2 ശമു. 7; സങ്കീ. 89 നോക്കുക).

ആ മനുഷ്യർ യേശുവിന്റെ മശിഹാത്വത്തെ പ്രഖ്യാപിച്ചതിനു പുറമെ, മശിഹായുടെ കാത്തിരിപ്പ് നിറവേറ്റുന്ന അടയാളമായിരുന്നു കുരുടന്മാർക്ക് കാഴ്ച്ച ലഭിച്ചത്. ഡൊണാൾഡ് ഏ. ഹാഗ്നെർ ചൂണ്ടിക്കാട്ടി, "കുരുടനെ [*ടൂഫ്ലോയി*] സൗഖ്യമാക്കിയത് ആദ്യം പറയുന്നത്, യേശു മശിഹ ആണോ [അല്ലയോ] എന്ന യോഹന്നാൻ സ്നാപകന്റെ ചോദ്യത്തിനുള്ള ഉത്തരം നൽകുന്നതുകൂടെയാണ് (11:5)."[15]

**വാക്യം 28. യേശു വീട്ടിൽ പ്രവേശിച്ചു** എന്നു പറയുന്നത്, കഫർന്നഹൂമിൽ അവൻ താമസിച്ചിരുന്ന സ്ഥലമാകാം. യേശുവിനെ പിൻപറ്റിയ രണ്ടു കുരുടന്മാരെയും ക്ഷണിച്ചു. കരുണക്കായി അപേക്ഷിച്ച് (9:27), അവർ തങ്ങളുടെ

വിശ്വാസം പ്രദർശിപ്പിച്ചുവെങ്കിലും, യേശു അവരെ പരീക്ഷിച്ചു: "**ഇത് ചെയ്യുവാൻ എനിക്ക് കഴിയും എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?**" ഒരിക്കൽ കൂടെ യേശുവിന്റെ സ്പർശന ശക്തി ഊന്നി പറഞ്ഞിരിക്കുന്നു. "**ഉവ്വ്, കർത്താവേ**" എന്നതായിരുന്നു അവരുടെ ഉടനെയുള്ള പ്രതികരണം.

**വാക്യം 29**. കുരുടനെ സൗഖ്യമാക്കുന്ന മറ്റു സംഭവത്തിൽ, ചില അസാധാരണ കാര്യങ്ങൾ യേശു ചെയ്യുകയുണ്ടായി (മർക്കൊ. 8:22-26; യോഹ. 9:6, 7). എങ്ങനെയായാലും, ഈ രണ്ടു കുരുടന്മാരുടെ കാര്യത്തിൽ അങ്ങനെ ചെയ്തില്ല, അവരുടെ **കണ്ണിൽ തൊട്ട്** പറഞ്ഞു, "**നിങ്ങളുടെ വിശ്വാസം പോലെ ഭവിക്കട്ടെ.**" ഒരിക്കൽ കൂടെ, യേശുവിന്റെ സ്പർശന ശക്തി ഊന്നി പറഞ്ഞിരിക്കുന്നു (8:3, 15; 9:18, 20, 21, 25). എല്ലാ രോഗസൗഖ്യത്തിനും വിശ്വാസം ആവശ്യമായിരുന്നില്ലെങ്കിലും, യേശു ഇതുപോലെയുള്ള പ്രസ്താവന ചിലപ്പോൾ നടത്തിയിട്ടുണ്ട് (8:13; 9:22 നോക്കുക). ആ വ്യക്തിയുടെ പ്രത്യേക സമർപ്പണം പരീക്ഷിക്കുന്നതിനായിരിക്കാം. "അവരുടെ വിശ്വാസം ശ്രദ്ധിച്ച് വളർത്തുന്നതിനായിരുന്നു അത്"[16] എന്നാണ് ഡി. ഏ. കഴ്സൺ പറഞ്ഞത്.

**വാക്യങ്ങൾ 30, 31.** അവരുടെ കാഴ്ച്ച യഥാസ്ഥാനമാക്കി എന്നു അർത്ഥമാക്കുന്നതാണ് **അവരുടെ കണ്ണു തുറന്നു** എന്ന പ്രയോഗം. അവരെ സൗഖ്യമാക്കിയ ശേഷം, **യേശു അമർച്ചയായി അവരോട്: "നോക്കുവിൻ, ഇത് ആരും അറിയരുത്!"** എന്ന് കൽപിച്ചിരുന്നു. അത്ഭുതം നടന്നതു മുറിക്കുള്ളിലായിരുന്നതിനാൽ, അതു രഹസ്യസ്വഭാവമുള്ളതായിരുന്നു (9:28). വീണ്ടും, ആ സൗഖ്യമാക്കൽ ആരോടും പറയരുതെന്ന് യേശു കർശനമായി വിലക്കിയിരുന്നെങ്കിലും, **സൗഖ്യം പ്രാപിച്ചവർ പുറപ്പെട്ട് ദേശത്തൊക്കെയും അവനെ കുറിച്ചുള്ള ശ്രുതി പരത്തി** (8:4; 9:26 ന്റെ പരാമർശം നോക്കുക).

തങ്ങൾക്ക് ലഭിച്ച സൗഖ്യത്തിലുള്ള ആവേശം നിമിത്തം കുരുടന്മാർ പറഞ്ഞതായിരിക്കാം, അല്ലെങ്കിൽ മറ്റു രോഗികളായവരോട് മഹാ വൈദ്യന്റെ കഴിവുകൾ പറഞ്ഞിരിക്കാം. കാരണം എന്തായാലും, അവർക്ക് സൗഖ്യമായ വിവരം അറിയിച്ചത് യേശുവിന്റെ കൽപന അനുസരിക്കാതിരുന്നതു തന്നെയാണ്. യേശുവിന്റെ മനസലിവിനുള്ള വില അവർ കൊടുത്തത് അവൻ ആവശ്യപ്പെട്ടതു ചെയ്യാതെയാണ്.

## ഭൂത-ഗ്രസ്തനായ ഊമനെ സൗഖ്യമാക്കുന്നു (9:32-34)

**32അവർ പോകുമ്പോൾ ഭൂത-ഗ്രസ്തനായ ഒരു ഊമനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. 33അവൻ ഭൂതത്തെ പുറത്താക്കിയ ശേഷം, ഊമൻ സംസാരിച്ചു. ''യിസ്രായേലിൽ ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പുരുഷാരം അതിശയിച്ചു." 34പരീശന്മാരോ "ഇവൻ ഭൂതങ്ങളുടെ തലവനെ കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു."**

**വാക്യം 32**. യേശുവിന്റെ അടുക്കലേക്ക് ഭൂത-ഗ്രസ്തനെ കൊണ്ടുവന്നത് സൗഖ്യം പ്രാപിച്ച രണ്ടു കുരുടന്മാരായിരുന്നോ? വേദഭാഗം അങ്ങനെ പറയുന്നില്ല; തന്നെയുമല്ല, തങ്ങളോട് യേശു കൽപിച്ച കാര്യം അനുസരിക്കാതെ അത്ര പെട്ടെന്ന് അവർ അവന്റെ അടുക്കൽ വരുവാനും സാധ്യതയില്ല. **അവർ പുറപ്പെട്ട് പോയപ്പോൾ, അവന്** എന്ന സർവ്വനാമം ഉച്ചരിച്ച്, യേശുവിനെ

കുറിച്ചും ശിഷ്യന്മാരെ കുറിച്ചും സംസാരിച്ചിരിക്കും. **ഭൂത-ഗ്രസ്തനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്** മറ്റാരോ ആണ് എന്നത് സ്പഷ്ടം.

**ഊമൻ** എന്നതിനു ഇവിടെ ഉപയോഗിച്ച വാക്ക് (*കോഫോസ്*) ചെവി കേൾക്കാതിരിക്കുന്നതും (11:5) സംസാരിക്കുവാൻ കഴിവില്ലാത്തതും ഉൾപ്പെടുന്നു (12:22). രണ്ടുപേർ ഒരുമിച്ചാണ് പലപ്പോഴും നടന്നിരുന്നത്, കാരണം കേൾക്കുവാൻ കഴിയാത്ത ഒരാൾ നടക്കുവാൻ ശീലിക്കുന്നതും തടസപ്പെട്ടിരിക്കാം. ആ മനുഷ്യന് സംസാരിക്കുവാൻ കഴിയുകയില്ല എന്നു മാത്രം നമുക്ക് അറിയാം, ആകയാൽ അത്ഭുതത്തിന്റെ അനന്തരഫലം, "ഊമൻ സംസാരിച്ചു" (9:33). ഭൂതം ബാധിച്ചതിനാലാകാം അവന്റെ സംസാരം നിന്നുപോയത്. ഭൂത-ബാധ നിമിത്തം പല കുഴപ്പങ്ങൾ സംഭവിക്കാം, അതിൽ സംസാരശേഷി നഷ്ടമാകൽ, കേൾവി നഷ്ടമാകൽ, അപസ്മാരം, സ്തംഭിപ്പിക്കൽ, പല്ല് കടി, നുരയും പതയും വരുന്നത് തുടങ്ങിയവ ഉദാഹരണങ്ങളാണ് (12:22; മർക്കൊ. 1:26; 5:5; 9:18, 25).

**വാക്യങ്ങൾ 33, 34.** യേശു **ഭൂതത്തെ പുറത്താക്കിയ** ഉടനെ, **ഊമൻ സംസാരിച്ചു**. ആളുകളുടെ പ്രതികരണം എന്തായിരുന്നു? ആദ്യം, **അവർ അതിശയിച്ചു**. അവർ പറഞ്ഞു, **"യിസ്രായേലിൽ ഇങ്ങനെ ഒരിക്കലും കണ്ടിട്ടില്ല."** പഴയനിയമത്തിൽ അനവധി അത്ഭുതങ്ങൾ നടന്നിരുന്നു, എന്നാൽ യേശു ചെയ്ത അത്ഭുതങ്ങളുടെ വലുപ്പവും വൈവിധ്യവും യിസ്രായേലിന്റെ ചരിത്രത്തിൽ ഉണ്ടാകാത്തവയായിരുന്നു. "വിസ്മയിച്ചു" എന്നതിന്റെ ഗ്രീക്ക് വാക്ക് (*താവുമാസോ*) "അതിശയിച്ചു" എന്നും തർജിമ ചെയ്യാം, അന്തർലീനമാക്കിയിരിക്കുന്നത് അത്ഭുതപരതന്ത്രരായി എന്നാണ്. യേശുവിന്റെ അത്ഭുതങ്ങളുടെ അളവും വീര്യവും കൂടി കൂടി വന്നു, ആളുകളുടെ അതിശയവും വർദ്ധിച്ചു വന്നു.

പിന്നെ, യെഹൂദരായ പൊതുജനങ്ങളുടേതിൽ നിന്നു വ്യത്യസ്തമായ പ്രതികരണമായിരുന്നു **പരീശന്മാരുടേത്**. അവൻ **ഭൂതങ്ങളുടെ തലവനായ** "ബെയെൽസെബൂലിനെ" കൊണ്ടാണ് **ഭൂതങ്ങളെ പുറത്താക്കുന്നത്** എന്നായിരുന്നു അവർ പറഞ്ഞത് (12:24; മർക്കൊ. 3:22). ഭൂതങ്ങളെ പുറത്താക്കുവാനുള്ള യേശുവിന്റെ ശക്തി ദൈവത്തിൽനിന്നോ, അല്ലെങ്കിൽ പരിശുദ്ധാത്മാവിൽനിന്നോ അല്ല, പിശാചിൽനിന്നാണ് വന്നത് എന്നായിരുന്നു പരീശന്മാർ പറഞ്ഞത്. അവരുടെ പ്രതികരണത്തിന് യേശു മത്തായി 12:25-30-ൽ മറുപടി പറഞ്ഞു:

> ഒരു രാജ്യം തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല. ഒരു പട്ടണമോ ഗൃഹമോ തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ, അവൻ തന്നിൽ തന്നെ ഛിദ്രിച്ചുപോയല്ലൊ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? ഞാൻ ബെയെൽസെബൂലിനെ കൊണ്ട് പുറത്താക്കുന്നു എങ്കിൽ നിങ്ങളുടെ മക്കൾ ആരെ കൊണ്ട് പുറത്താക്കുന്നു? ... എനിക്ക് അനുകൂലമല്ലാത്തവൻ എനിക്ക് പ്രതികൂലമാകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു.

യേശുവിന്റെ അത്ഭുതങ്ങളുടെ ഉറവിടത്തെ ആക്രമിക്കുക എന്നതായിരുന്നു പരീശന്മാർ കുറ്റം ചുമത്തിയതിന്റെ ഉദ്ദേശം. അത്ഭുതങ്ങൾ അനേകം ആയിരുന്നതിനാലും, അത്ഭുതങ്ങൾ കണ്ട പുരുഷാരം അവനിൽ വിശ്വസിക്ക

യാലും, അവർക്ക് അത്ഭുതങ്ങളെ നേരിട്ട് ആക്രമിക്കുവാൻ കഴിഞ്ഞില്ല. ആളുകൾ വെറുതെ അത്ഭുതങ്ങളിൽ മാത്രം വിശ്വസിക്കുകയായിരുന്നോ, അതോ യേശുക്രിസ്തുവിൽ വിശ്വസിച്ചിരുന്നോ, എന്നു നാം സംശയിച്ചുപോകും.

ആളുകളുടെ പ്രതികരണം കണ്ട് ഭയന്ന പരീശന്മാർ യേശുവിന്നു അവമതിപ്പുണ്ടാക്കുകയായിരുന്നു – അത്ഭുതങ്ങളെ നിഷേധിക്കാനാവാതെ, അതിന്റെ ഉറവിടം ദുഷ്ടനിലേക്ക് വിടുകയായിരുന്നു അവർ. "ഭൂതങ്ങളുടെ തലവൻ" എന്ന പരീശന്മാരുടെ ആരോപണത്തെ യേശു അത്ര കാര്യമാക്കിയില്ല. അവൻ തന്റെ ഉപദേശവും ദൗത്യവും തുടർന്നു. ആ സമയത്ത് അവരുടെ കുറ്റാരോപണം ശ്രദ്ധിക്കാതെ – തന്റെ ശുശ്രൂഷയിൽ മാത്രം ശ്രദ്ധിച്ചു – പിന്നെ ആ ആരോപണം യേശുവിനു വ്യക്തിപരമായി ഭീഷണിയും അവന്റെ ശുശ്രൂഷക്ക് തടസവുമായി.

## യേശുവിന്റെ പ്രവൃത്തിയുടെ ചുരുക്കം
## (9:35-38)

**[35]യേശു പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉപദേശിച്ചു രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു.**

**[36]അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെ പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട്, അവരെ കുറിച്ചു മനസലിഞ്ഞു. [37]തന്റെ ശിഷ്യന്മാരോട്, "കൊയ്ത്ത് വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം. [38]ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന്ന് യാചിപ്പിൻ എന്നു പറഞ്ഞു."**

9:35–38 നെ കുറിച്ച്, ആർ. ടി. ഫ്രാൻസ് എഴുതി,

> ഈ പരമ്പരയിൽ ഇരട്ട പങ്ക് നിറഞ്ഞിരിക്കയാണ്, അദ്ധ്യായങ്ങൾ 5–9 ലെ യേശുവിന്റെ ശുശുഷയുടെ ചുരുക്കവും, അദ്ധ്യായം 10 ലെ ശിഷ്യന്മാർക്കുള്ള പരിമിത ദൗത്യത്തെ പരിചയപ്പെടുത്തുന്നതും ഉൾപ്പെടുന്നു. മുൻപോട്ടും പുറകോട്ടും ശ്രദ്ധാപൂർവ്വം ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ രൂപപ്പെടുത്തിയിരിക്കുന്നതും പുസ്തകത്തിലെ രണ്ടു ഭാഗങ്ങളെയും കോർത്തിണക്കി തുടർച്ചക്ക് ഊന്നൽ കൊടുത്തിരിക്കുന്നതും കാണാം.[17]

**വാക്യം 35.** ഈ വാക്യത്തിൽ 4:23 ലെ വാക്കുകൾ ഏതാണ്ട് ആവർത്തിച്ചിരിക്കുന്നു എന്നു പറയാം, 5 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളെ ഒരു യൂണിറ്റായി അവന്റെ ഉപദേശത്തെയും (അദ്ധ്യാ. 5–7) പ്രവൃത്തികളെയും (അദ്ധ്യാ. 8; 9) ഉൾപ്പെടുത്തിയിരിക്കുന്നു. എങ്ങനെയായാലും, "ഗലീല മുഴുവനും" എന്നതിനു പകരമാണ് **എല്ലാ പട്ടണങ്ങളും ഗ്രാമങ്ങളും** എന്നു പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിന്റെ കാലത്ത് ആ പ്രദേശത്ത് 240 ടൗണുകളും ഗ്രാമങ്ങളും ഉണ്ടായിരുന്നതായാണ് ജോസെഫസ് പറഞ്ഞിരിക്കുന്നത്.[18] ജോസെഫസിന്റെ സാക്ഷ്യം നാം എടുക്കുകയാണെങ്കിൽ, യേശുവിന് ഓരോ ദിവസവും രണ്ട് ടൗണുകളും ഗ്രാമങ്ങളും യാത്ര ചെയ്താൽ നാല് മാസം വേണ്ടി വരും

എല്ലാം സഞ്ചരിച്ചു തീരുവാൻ. എങ്ങനെയായാലും, നാം അതു അക്ഷരിക മായി എടുക്കരുത്. യേശു തന്റെ ഗലീലാ ശുശ്രൂഷയിൽ, പല കാര്യങ്ങളും ചെയ്തിട്ടുള്ളവയിൽ ഏതാനും മാത്രമാണ് മത്തായി തിരഞ്ഞെടുത്ത് തന്റെ വായനക്കാർക്ക് പങ്കിട്ടിരിക്കുന്നത് (യോഹ. 20:30, 31; 21:25). യേശു പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ, അവൻ അവരുടെ **പള്ളികളിൽ ഉപദേശിക്കയും ... രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും, സകലവിധ വ്യാധിക്കാരെയും ദീനക്കാരെയും സൗഖ്യമാക്കുകയും ചെയ്തു** (4:23 ന്റെ പരാമർശം നോക്കുക).

**വാക്യം 36**. ആളുകളുടെ ക്ഷേമത്തിൽ യേശുവിന് ആഴ-മേറിയ കരുതൽ ഉണ്ടായിരുന്നു. മറ്റു പ്രദേശങ്ങളിൽ, അവന് ആളുകളുടെ ഭൗതിക ക്ഷേമ ത്തിൽ താൽപര്യമുണ്ടായിരുന്നതായി പറഞ്ഞിരിക്കുന്നു (14:13, 14; 15:30–32; 20:34), എന്നാൽ ഇവിടെ ആളുകളുടെ ആത്മിയ ക്ഷേമത്തിലായിരുന്നു അവനു താൽപര്യം. ഇവിടെ തർജിമ ചെയ്തിരിക്കുന്ന **മനസലിവ് തോന്നി** എന്ന ക്രിയ തീവ്രമായ വികാരത്തെയാണ് സൂചിപ്പിക്കുന്നത്; അതുമായി ബന്ധപ്പെട്ട നാമം (*സ്പ്ളാഞ്ചിനാ*) പറയുന്നത് പാത്രങ്ങൾ അല്ലെങ്കിൽ കുടൽ എന്നാണ്. ഗ്രീക്ക് ക്രിയ **കുഴഞ്ഞു** (*സ്കുലോ*) കഠിനമായ ക്ലേശത്താലുള്ള കുഴപ്പത്തെയാണ് സൂചിപ്പിക്കുന്നത്. ആളുകളുടെ പെരുമാറ്റം കണ്ടാൽ, ലക്ഷ്യബോധമില്ലാത്ത വരെ പോലെ നീങ്ങിക്കൊണ്ടിരിക്കയാണെന്നു തോന്നും. അവർ **അധൈര്യപ്പെട്ടവരുമായിരുന്നു** (*റിപ്റ്റോ*). ഈ ക്രിയ പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം, "എറിയുക," "താഴെ വെക്കുക," അല്ലെങ്കിൽ "താഴെ ഇടുക" എന്നീ ആശയങ്ങളാണുള്ളത്. ഒരുപക്ഷെ, ഹാഗ്നെർ പറഞ്ഞതുപോലെ, ആ വാക്ക്, "രൂപകാലങ്കാരമായി ഉപയോഗിച്ചിരിക്കുന്നത് അർത്ഥമാക്കുന്നത് 'പരിഭ്രമിച്ച,' അല്ലെങ്കിൽ 'ക്ഷീണിതരായ' എന്നാണ്."[19]

ആത്മിയ ഗ്രാഹ്യമോ നടത്തിപ്പോ ഇല്ലാത്തവരായിട്ടാണ് യേശു ആളുകളെ കണ്ടത്. **ഇടയൻ ഇല്ലാത്ത ആടുകൾ** എന്നാണ് അവൻ അവരെ വിളിച്ചത്. പഴയനിയമത്തിൽ ആ പ്രയോഗം പലപ്പോഴും ഉപയോഗിച്ചിരിക്കുന്നതു കാണാം (സംഖ്യ. 27:17; 1 രാജാ. 22:17; 2 ദിന 18:16; യെശ. 13:14; യെഹ. 34:5; സെഖ. 10:2; 11:5) പുതിയനിയമത്തിലും കാണാം (മത്താ. 9:36; മർക്കൊ. 6:34). പഴയനിയമത്തിൽ ഇടയന്മാരെയും ആടുകളെയും ഉപമകളായി പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട് (സങ്കീ. 23:1–6; 77:20; 78:52; 95:7; 100:3; യെശ. 40:11). തന്നെ കുറിച്ചു പറയുമ്പോഴും യേശു ആ പ്രയോഗം നടത്തിയിട്ടുണ്ട് (യോഹ. 10:11–16). ഇടയനും ആടും തമ്മിലുള്ള ഏറ്റവും അടുത്ത മൃദുലമായ ബന്ധത്തെയാണ് അത് എടുത്ത് കാണിക്കുന്നത്. അവൻ അവയെ പച്ചയായ പുൽപുറത്തേക്ക് നടത്തുകയും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കുകയും, കൂട്ടം വിട്ടുപോയാൽ തിരഞ്ഞു കണ്ടെത്തുവാൻ ശ്രമിക്കയും ചെയ്യും (ലൂക്കൊ. 15:3–7). യേശു "നല്ല ഇടയൻ" ആയിരുന്നു (യോഹ. 10:11; എബ്രാ 13:20; 1 പത്രൊ. 2:25; 5:4); എന്നാൽ അക്കാലത്തെ - പരീശന്മാരും ശാസ്ത്രിമാരും - ആടുകളെ താന്താങ്ങളുടെ വഴിക്ക് വിട്ടു കളഞ്ഞിരുന്നു.

**വാക്യങ്ങൾ 37, 38**. ആടുകളുടെ അലങ്കാരത്തിൽനിന്നു യേശു കൊയ്ത്തിലേക്ക് തിരിഞ്ഞു. അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "**കൊയ്ത്ത് വളരെ ഉണ്ട് സത്യം; വേലക്കാരോ ചുരുക്കം**." ശമര്യയിലേക്കുള്ള യാത്രയിൽ യേശു ശിഷ്യന്മാരോട് പറഞ്ഞു, "നിങ്ങൾ തല പൊക്കി നോക്കിയാൽ, ഇപ്പോൾ തന്നെ കൊയ്ത്തിന്നു വെളുത്തിരിക്കുന്നതായി നിങ്ങൾ കാണും" (യോഹ.

4:35). നഷ്ടപ്പെട്ടവർക്കു വേണ്ടി പ്രാർത്ഥിക്കുക എന്നത് നല്ല തീരുമാനമാണെങ്കിലും, യേശു അതല്ല പറഞ്ഞത്. പകരം, അവൻ പറഞ്ഞു, "**കൊയ്ത്തിന്റെ യജമാനനോട്, കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന് യാചിപ്പിൻ**" യേശുവിന്റെ കാലത്ത്, "കൊയ്ത്തിന്റെ യജമാനൻ" കൊയ്യുവാൻ വേലക്കാരെ വയലിലേക്കു അയക്കുന്നവനാണ്. അവർക്ക് കൂലി കൊടുക്കേണ്ട ഉത്തരവാദിത്തവും അവനായിരുന്നു. അയാൾ ഒന്നുകിൽ വയലിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ മദ്ധ്യസ്ഥനായ ആളോ ആയിരിക്കാം. യേശുവിന്റെ ഉപമയിൽ കൂലിക്കാരെ തോട്ടത്തിൽ ജോലിക്ക് വിളിച്ചാക്കുന്നതും ദിവസാവസാനം കൂലി കൊടുക്കുന്നതും ഉടമസ്ഥൻ തന്നെയാണ് (20:1-16). ഈ സന്ദർഭത്തിൽ, ദൈവം അല്ലെങ്കിൽ (യേശു) ആണ് "കൊയ്ത്തിന്റെ യജമാനനായി" പറഞ്ഞിരിക്കുന്നത്, വയൽ ലോകമാണ്. വേലക്കാർ സുവിശേഷം അറിയിക്കുന്നവരാണ്, ആത്മാക്കളെ രാജ്യത്തിലേക്ക് കൊണ്ടുവരണം. കൊയ്ത്തു ഭാവന മറ്റൊരു ഭാഗത്ത് പറഞ്ഞിരിക്കുന്നത് ന്യായവിധിയെ ആണ് സൂചിപ്പിക്കുന്നത് (3:12; 13:24-30, 36-43; വെളി. 14:14-20). വേലക്കാർ ചുരുക്കം എന്നു പറഞ്ഞിട്ട്, യേശു തന്റെ ശിഷ്യന്മാരിൽ ചിലരെ കൊയ്ത്തുള്ള വയലിലേക്ക് അയച്ചു (10:1).

## പാഠങ്ങൾ

### തടസങ്ങൾ അതിജീവിക്കൽ (9:20-22)

പല തടസങ്ങളേയും തരണം ചെയ്തിട്ടാണ് 9:20-22-ൽ ആ സ്ത്രീ വന്നു യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടത്. ആദ്യം, അവൾ പുരുഷാരത്തെ തരണം ചെയ്തു. അനേകം ആളുകൾ "തിക്കി തിരക്കിക്കൊണ്ടിരുന്നു" (ലൂക്കൊ. 8:45). അവളെ പോലെ വേറെ അനേകം പേർ യേശുവിന്റെ അടുത്തെത്തുവാൻ തിക്കി തിരക്കിക്കൊണ്ടിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. പിന്നെ അവൾക്ക് പൊതുജനത്തിന്റെ തരംതാഴ്ത്തലിനേയും, പരിഹാസത്തെയും അതിജീവിക്കേണ്ടിയിരുന്നു; തന്റെ ഭയമെല്ലാം മാറ്റി പുരുഷാരത്തെ തള്ളി അവൾ യേശുവിന്റെ അടുത്തു ചെന്ന് അവന്റെ വസ്ത്രത്തിൽ തൊട്ടു. മൂന്നാമതായി, തനിക്ക് സുഖമായില്ലെങ്കിലോ എന്ന സംശയത്തെയും അവൾ തരണം ചെയ്തു. ആ സാഹസമെല്ലാം കാണിക്കുവാൻ അവളുടെ വിശ്വാസമാണ് അവളെ തരണം ചെയ്യുവാൻ പ്രേരിപ്പിച്ചത് (9:22).

### ദൈവശക്തിയിലുള്ള വിശ്വാസം (9:27-31)

തങ്ങൾക്ക് കാഴ്ച്ച ആവശ്യമായിരുന്നതുകൊണ്ടാണ് രണ്ട് കുരുടന്മാർ യേശുവിന്റെ അടുക്കൽ വന്നത്. അവൻ അവരുടെ വിശ്വാസത്തെ പരീക്ഷിച്ചു ചോദിച്ചു, "ഇതു ചെയ്യുവാൻ എനിക്ക് കഴിയുമെന്ന് വിശ്വസിക്കുന്നുവോ?" (9:28). അവനിലുള്ള വിശ്വാസം അവർ ഉറപ്പിച്ചു പറയുകയും, അവൻ അവരുടെ കാഴ്ച്ച യഥാസ്ഥാനമാക്കുകയും ചെയ്തു.

ഇന്ന് നാം ദൈവശക്തിയിൽ യഥാർത്ഥമായി വിശ്വസിക്കുന്നുണ്ടോ? വിജയകരമായ ലക്ഷ്യത്തെ കുറിച്ചുള്ള പഠനത്തിന് അമേരിക്കക്കാർ വളരെ അധികം പണം ചെലവഴിക്കുന്നുണ്ട്. അവയിൽ മിക്കവയും ആത്മവിശ്വാസം ജനിപ്പിക്കണമെന്നാണ് പറയുന്നത്. നമുക്ക് നമ്മിൽ വിശ്വാസം വേണം എന്നു പറയുന്നതിൽ തൊറ്റൊന്നുമില്ല; അത് ആവശ്യവുമാണ്. എങ്ങനെയായാലും, ചില പ്രശ്നങ്ങൾ നമുക്ക് തന്നെ പരിഹരിക്കുവാൻ പറ്റാത്തവണ്ണം വലുതാ

ണ്. ദൈവശക്തിയിലുള്ള വിശ്വാസത്തിനു സഹായിക്കുന്ന ലക്ഷ്യബോധ പഠനമാണ് നമുക്ക് വിജയിക്കുവാൻ ആവശ്യം.

ദൈവം നമ്മിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് വിശ്വസിക്കുമ്പോൾ, നമുക്ക് ചെയ്യുവാൻ കഴിയാത്തതു വളരെ കുറച്ചു മാത്രമാണ്. താൻ ചെയ്യുവാൻ ആഗ്രഹിക്കുന്നതെല്ലാം ക്രിസ്തു മുഖാന്തരം ചെയ്യുവാൻ തനിക്കു കഴിയുമെന്നാണ് പൗലൊസ് വിശ്വസിച്ചത് (എഫെ. 3:20; ഫിലി. 4:13).

**"എനിക്ക് കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?" (9:27-31)**

നമ്മുടെ വിശ്വാസത്തിന്റെ അളവാണ് നമ്മുടെ ചിന്തയെ നിർണ്ണയിക്കുന്നത്, നമ്മുടെ ചിന്തയാണ് ആത്മിയ വളർച്ചയെ തീരുമാനിക്കുന്നത്. തനിക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്നു ഒരാൾ വിശ്വസിച്ചാൽ, ആ വിശ്വാസത്തിൽനിന്ന് അയാൾക്ക് ഉയരുവാൻ കഴിയുകയില്ല.

ദൈവം ചിന്തിക്കുന്നതുപോലെ അല്ല നാം ചിന്തിക്കുന്നത് എന്ന് നാം നമ്മെ ഓർപ്പിക്കണം (യെശ. 55:8). ദൈവത്തിന്റെ ഉദ്ദേശത്തെയും പ്രതീക്ഷയെയും നാം സങ്കൽപിച്ചാൽ നാം പരാജയപ്പെടും. "ദൈവം ഒരിക്കലും എന്നിൽനിന്ന് ഇതു പ്രതീക്ഷിക്കുന്നില്ല" എന്നു തുടങ്ങിയ പ്രസ്താവനകൾ നാം ഒഴിവാക്കണം. ദൈവം ചെയ്യുന്നതുപോലെ സാഹചര്യങ്ങളെ കാണുവാൻ നമുക്ക് എങ്ങനെ കഴിയും? ആദ്യം, നാം നമ്മുടെ മനസിനെ പുതുക്കണം (റോമർ 12:1, 2). രണ്ടാമത്, ദൈവമനസ് അവന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ബൈബിൾ വായിക്കണം.

നമ്മുടെ വിശ്വാസത്തിന്റെ അളവ് വർദ്ധിപ്പിച്ച് ദൈവം ചിന്തിക്കുന്നതുപോലെ നാം ചിന്തിക്കുവാൻ സഹായിക്കുന്ന മൂന്നു വേദഭാഗങ്ങളുണ്ട്.

*യേശുവിൽ വിശ്വസിക്കുക* (9:27–31). തങ്ങളോട് കരുണ തോന്നേണമെന്ന്, രണ്ടു കുരുടന്മാർ യേശുവിനെ അനുഗമിച്ച് അപേക്ഷിച്ചു. അവർക്ക് കാഴ്ച്ച നൽകുവാൻ തനിക്ക് കഴിയുമെന്ന് വിശ്വസിക്കുന്നുവോ എന്ന് അവൻ അവരോട് ചോദിച്ചു. അതിന്ന് അവർ, "ഉവ്വ്, കർത്താവേ" എന്ന് അവർ ഉത്തരം പറഞ്ഞു (9:28). പിന്നെ അവൻ അവരുടെ കണ്ണുകളിൽ തൊട്ട് പറഞ്ഞു, "നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ" (9:29). ഉടനെ അവരുടെ കാഴ്ച്ച തിരിച്ചു കിട്ടി.

എല്ലാ സംഭവങ്ങളിലും സൗഖ്യമാകുവാൻ രോഗിക്ക് വിശ്വാസം ആവശ്യമായിരുന്നില്ല. ഉദാഹരണമായി, നാല് സ്നേഹിതന്മാർ ഒരു മുടന്തനെ യേശുവിന്റെ അടുക്കൽ എത്തിച്ചപ്പോഴും, ശതാധിപന്റെ ഭൃത്യനെ സൗഖ്യമാക്കിയപ്പോഴും, ഗദരയിലെ ഭൂത-ഗ്രസ്തനെ സൗഖ്യമാക്കിയപ്പോഴും.

എങ്ങനെയായാലും, നമ്മുടെ വിശ്വാസത്തിന്റെ അളവ് അനുസരിച്ചാണ് ദൈവം നമ്മെ ഉപയോഗിക്കുന്നത്. താൻ എന്തു ചെയ്യുവാൻ ആഗ്രഹിക്കുന്നുവോ, അത് നമ്മിൽ അവൻ പ്രവർത്തിക്കുമെന്ന വിശ്വാസം നമ്മിൽ വേണം; നമ്മിൽ അവന് പ്രവർത്തിക്കുവാൻ പറ്റാത്ത വലുതായി ഒന്നുമില്ല (19:26).

യഥാർത്ഥമോ അല്ലെങ്കിൽ ഭാവനാപരമോ ആയ കഴിവില്ലായ്മയാൽ നാം പലപ്പോഴും പിന്തിരിയുന്നു. പ്രായവും, രോഗവും, താലന്തില്ലായ്മയും ആയിരിക്കാം തടസങ്ങൾ; ദൈവശക്തിയാൽ ദൈവത്തിനു തന്നിൽ എന്തു ചെയ്യുവാൻ കഴിയുമെന്ന് ചിന്തിക്കാതെ, ചെയ്യുവാൻ കഴിയാത്തതിനെ കുറിച്ച് ചിന്തിക്കുന്നതാണ് "കഴിവില്ലായ്മ" എന്നു പറയുന്നത്. ഭൗതിക വെല്ലുവിളികളേക്കാൾ അപകടകാരിയാണ് "ആത്മിയ വൈകല്യം"

*ദൈവം വിജയം ഉറപ്പിച്ചിരിക്കുന്നതിനാൽ പ്രചോദിതമാകുക* (ഫിലി. 4:13). നാം ചെയ്യുവാൻ ദൈവം ആഗ്രഹിച്ചിരിക്കുന്നത് നിർവ്വഹിക്കുവാൻ മുന്നു-പടിയുള്ള പദ്ധതി പൗലൊസ് അവതരിപ്പിച്ചിരുന്നു: (1) "എനിക്ക് ചെയ്യുവാൻ കഴിയും," (2) "എല്ലാം ചെയ്യുന്നതിന്" (3) "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം." ദൈവം ചെയ്യുവാൻ ആഗ്രഹിക്കുന്നതെല്ലാം അവൻ മുഖാന്തരം ചെയ്യും എന്നാണ് പൗലൊസ് വിശ്വസിച്ചിരുന്നത്.

അവന്റെ രാജ്യത്തിലെ നമ്മുടെ നേട്ടങ്ങളെ ദൈവം പരിമിതപ്പെടുത്തിയിട്ടില്ല. നാം ആണ് അങ്ങനെ ചെയ്യുന്നത്! "മനുഷ്യൻ തന്റെ മനസിൽ കണക്കുകൂട്ടുന്നതു പോലെ ആകുന്നു" (സദൃശ. 23:7). ദൈവരാജ്യത്തിൽ നാം ഉപയോഗമില്ലാത്തവരാണെന്നു വിചാരിക്കുന്നുവെങ്കിൽ, ദൈവത്തിനല്ല, നമ്മുടെ ചിന്ത്ക്കാണ് കുഴപ്പം.

*ദൈവം നമ്മിൽ പ്രവർത്തിക്കുന്ന ദൈവശക്തിയെ കുറിച്ചു വിചാരിക്കുക* (എഫെ. 3:20). വേദഭാഗം നമുക്ക് ശ്രദ്ധയോടെ പരിശോധിക്കാം. "ഇപ്പോൾ അവന്ന്" എന്നു പറയുന്നത്, പ്രപഞ്ചത്തെയും പ്രപഞ്ചത്തിലുള്ളതിനെ എല്ലാം നിലനിർത്തുന്ന സൃഷ്ടികർത്താവായ ദൈവത്തെയാണ്. "അവന്നു കഴിയും" എന്നതു ചെയ്യുവാനുള്ള ദൈവത്തിന്റെ ശക്തിയെയാണ് സൂചിപ്പിക്കുന്നത്. "ഏറ്റവും അധികമായി" എന്നത് "അളവിനപ്പുറമായി, പ്രതീക്ഷക്കുപരിയായി എന്നർത്ഥം." "നാം ചോദിക്കുന്നതിലും നിനെക്കുന്നതിലുമധികമായി" എന്നത് സൂചിപ്പിക്കുന്നത്, ദൈവത്തിനു നൽകുവാൻ കഴിയുന്നതിനപ്പുറമായി നമുക്ക് ചോദിക്കുവാൻ കഴിയുകയില്ല എന്നാണ്. ചെയ്യുവാനുള്ള ദൈവത്തിന്റെ കഴിവിനെ, നമ്മുടെ ചിന്തക്ക് - അപ്പുറമായി കാണുവാൻ സാധ്യമല്ല. ദൈവ മനസും നമ്മുടെ വിശ്വാസവുമാണ് നമ്മുടെ പരിമിതികൾ. "നമ്മിൽ പ്രവർത്തിക്കുന്ന വ്യാപാരശക്തിക്കനുസരിച്ച്" ദൈവശക്തിയാൽ നമ്മിൽ അവൻ പ്രവർത്തിക്കുകയാണ്. നാം ചെറിയ രീതിയിൽ ചിന്തിക്കുകയും പദ്ധതി തയ്യാറാക്കുകയും ചെയ്താൽ നാം ചെറുതാകും. നേരെ മറിച്ച് നാം വലുതായി ചിന്തിക്കുകയും പദ്ധതി തയ്യാറാക്കുകയും ചെയ്താൽ, നമുക്ക് വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും. വ്യക്തികളായ ക്രിസ്ത്യാനികളായോ, ഇടവകയായോ, നമ്മുടെ വിശ്വാസം ഒന്നുകിൽ വളരുവാൻ സഹായിക്കും അല്ലെങ്കിൽ തടസമായി തീരും.

*ഉപസംഹാരം.* നമുക്ക് ചെയ്യുവാനുള്ള മനസോടെ തയ്യാറാകുമെങ്കിൽ, ദൈവത്തിന് നമ്മിൽ പ്രവർത്തിക്കുവാൻ കഴിയും. അവനെ സേവിക്കുവാനുള്ള നമ്മുടെ ശക്തി നിർണ്ണയിക്കുന്നത് നമ്മുടെ വിശ്വാസമാണ്.

**സഭയുടെ ദൗത്യം (9:35-38)**

മഹത്തായ ആജ്ഞയാണ് സഭയുടെ ദൗത്യം (28:18–20; മർക്കൊ. 16:15, 16). അത് "കാണാതെ പോയവരെ തിരഞ്ഞു രക്ഷിക്കുകയാണ്" (ലൂക്കൊ. 19:10). സഭയായി നാം ചെയ്യുന്ന മറ്റെല്ലാം ആ ദൗത്യത്തിനു താഴെയുള്ളതാണ്. ആ വസ്തുത നാം പലപ്പോഴും മറന്നു പോകുന്നു.

യേശുവാണ് നമ്മുടെ മാതൃക (1 പത്രൊ. 2:21). അവൻ "പട്ടണം തോറും, ഗ്രാമം തോറും സഞ്ചരിച്ച് ... സകലവിധ ദീനക്കാരെയും വ്യാധിക്കാരെയും സൗഖ്യമാക്കിയപ്പോൾ," അവൻ "പള്ളികളിൽ പ്രസംഗിക്കയും, രാജ്യത്തിന്റെ സുവിശേഷം അറിയിക്കയും ചെയ്തിരുന്നു" (9:35). അവന്റെ പ്രസംഗവും ഉപദേശവും പ്രാഥമികവും, സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കിയതു

രണ്ടാമത്തേതുമായിരുന്നു. താൻ പ്രഖ്യാപിച്ച സന്ദേശത്തിന്റെ സാധുതയെയും അവന്റെ വിശ്വാസിയതയും ഉറപ്പിക്കുക എന്നതായിരുന്നു ആ അത്ഭുതങ്ങളുടെയെല്ലാം മുഖ്യമായ ഉദ്ദേശം. പഴഞ്ചൊല്ലുപോലെ നാം കുതിരക്കു മുൻപിൽ വണ്ടി കെട്ടരുത്. നാം ശരീരത്തിന് ആഹാരവും സൗഖ്യവും നൽകുമ്പോൾ ആത്മാവിനെ അവഗണിക്കരുത്.

**കർത്താവിന്റെ കൊയ്ത്ത് (9:37, 38)**

ഇന്നും കൊയ്ത്ത് വളരെയുണ്ട്, വേലക്കാർ ചുരുക്കമാണ്. "പറഞ്ഞിട്ടില്ലാത്ത ദശലക്ഷങ്ങൾ ഇന്നും പറഞ്ഞിട്ടില്ലാത്തവർ തന്നെയാണ്." അവന്റെ ശിഷ്യന്മാർ ഇന്നും ശിഷ്യന്മാരായി തന്നെ അവശേഷിക്കുന്നു. "നാം മണ്ണു പരിശോധകരാകരുത്, മറിച്ച് വിത്ത് വിതെക്കുന്നവരാകണം" എന്ന് മാർഷൽ കീബിൾ പറയാറുണ്ട്. അതുപോലെ, ഉൽപാദിപ്പിക്കപ്പെടുന്നവരുടെ ഗുണനിലവാരം നോക്കാതെ, എത്രത്തോളം ആത്മാക്കളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കാമോ എന്നതാണ് നമ്മുടെ ഉത്തരവാദിത്തം. ബാക്കി ദൈവം നോക്കിക്കൊള്ളും. ന്യായവിധി നാളിൽ, ഫലം പുറപ്പെടുവിക്കാത്തവയും, അവകാശപ്പെടാത്തവയുമായ ചെടികളെ ദൈവം പിഴുത് എടുത്ത് തീയിലിടും (13:24–30, 36–43; 15:13).

---

കുറിപ്പുകൾ

[1]ഡഗ്ലസ് ആർ. എ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 105. [2]ഇബിഡ്. [3]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 86. [4]ഡൊണാൾഡ് എ. ഹാഗ്നെർ, *മാത്യു 1–13,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 33 ഏ (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1993), 248. [5]എച്ച്. ലിയോ ബോൾസ്, *ഏ കമെന്ററി എക്കോർഡിങ് ടു മാത്യു* (നാഷ്വിലേ: ഗോസ്പെൽ അഡ്വെക്കേറ്റ് കമ്പനി., 1936), 211. [6]വില്യം ഹെൻഡ്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക് ഹൗസ്, 1973), 430. [7]മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യു*," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ക്ഗ്രൗണ്ട് കമെന്ററി, വാല്യം.1, മാത്യു, മാർക്ക്, ലൂക്ക്,* എഡ്. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 65. [8]ജോസെഫസ് *വാഴ്സ്*, 3.9.5; മിഷ്നാ ബാബാ *മെറ്റ്സിയ* 6.1. [9]മിഷ്നാ *കെടുബോത്ത്* 4.4. [10]ഹെൻഡ്രിക്സൺ, 432–33.

[11]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു*, വാല്യം. 1, 2ൻഡ് എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1958), 353. [12]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 140. [13]ഹെയർ, 106. [14]അതേ രീതിയിലുള്ള സംഭവം യെരിഹോവിൽ നടന്നത് നോക്കുക, മത്താ. 20:29–34; മർക്കൊ. 10:46–52; ലൂക്കൊ. 18:35–43. [15]ഹാഗ്നെർ, 252. [16]ഡി എ. കാർസൺ, *യേശു ലോകത്തെ അഭിമുഖീകരിച്ചപ്പോൾ: ആൻ എക്സ്പൊസിഷൻ ഓഫ് മാത്യു 8–10* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1987), 100. [17]ആർ ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 174. [18]ജോസെഫസ് *ലൈഫ്* 45. [19]ഹാഗ്നെർ, 260.